# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2378 20.06.2012 - ൽ മറുപടിക്ക്

## താനൂരിൽ കടൽവെള്ള സംസ്കരണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കടൽവെള്ളത്തിൽ നിന്ന് കുടിവെള്ളം സംസ്കരിച്ച് വിതരണം ചെയ്യുന്ന പദ്ധതി പരിഗണനയിലുണ്ടോ; | (എ) | പരിഗണനയിലുണ്ട്. |
| (ബി) | ഏതെല്ലാം ജില്ലകളിലാണ് പൈലറ്റ് പ്രോജക്ടായി ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | തൃശ്ശൂർ ജില്ലയിലെ മേത്തല, പുത്തൻ ചിറ, വെള്ളങ്കാലൂർ, പൊയ്യ എന്നിവിടങ്ങളിലും ആലപ്പുഴജില്ലയിലെ കുട്ടനാട്, ഹരിപ്പാട് എന്നിവിടങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തുന്നുണ്ട്. |
| (സി) | മലപ്പുറം ജില്ലയിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന തീരപ്രദേശമായ താനൂരിൽ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ നടപടി സ്വീകരിക്കുമോ; | (സി) | ഇല്ല. |
| (ഡി) | ഈ പദ്ധതിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഡി) | നിലവിൽ പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള സ്ഥലങ്ങളിൽ നടന്നുവരുന്ന സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ഈ വർഷം തന്നെ പദ്ധതി ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ